ഹാർദിക് പാണ്ഡ്യ

ത്തുക.

ൺ തുടങ്ങിയവയെ പരിശീലിപ്പിച്ച



കൊരട്ടി നൈപുണ്യ കോളജിൽ നടന്ന കാലിക്കട്ട് സർവകലാശാല ഇന്റർകൊളീജിയറ്റ് വടംവലി മത്സരത്തിൽ പുരുഷ, വനിതാ, മിക്സഡ് ഇനങ്ങളിൽ കിരീടം ചൂടിയ ആതിഥേയ ടീം.

# കാലിക്കട്ട് വാഴ്സിറ്റി വടംവലി: കൊരട്ടി നൈപുണ്യ കോളജിന് ട്രിപ്പിൾ കിരീടം

കൊച്ചി: കൊരട്ടി നൈപുണ്യ കോളജിൽ നടന്ന കാലിക്കട്ട് സർവകലാശാല ഇന്റർ കൊളീജിയറ്റ് വടംവലി മൽസരത്തിൽ പുരുഷ, വനിതാ, മിക്സഡ് വിഭാഗങ്ങളിൽ കിരീടം ചൂടി ആതിഥേയരായ കൊരട്ടി നൈപുണ്യ കോളജ് ചരിത്രം കുറിച്ചു. ഇത് ആദ്യമായാണ് കാലിക്കട്ട് വാഴ്സിറ്റി വടംവലി മത്സരത്തിൽ ഒരു കോളജ് തന്നെ മൂന്നു വിഭാഗങ്ങളിലും ജേതാക്കളാകുന്നത്.

പുരുഷ വിഭാഗത്തിൽ വിടിബി കോളജ്, ശ്രീകൃഷ്ണപുരം രണ്ടാം സ്ഥാനവും ഗവ. കോളജ്, കൊടുവള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വനിതാ വിഭാഗത്തിൽ പാലക്കാട് മേഴ്സി കോളജ് രണ്ടാം സ്ഥാനവും, ഗവ. കോളജ് പത്തിരിപ്പാല പാലക്കാട് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മിക്സഡ് വിഭാഗത്തിൽ ഗവ. കോളജ് പത്തിരിപ്പാല പാലക്കാട് രണ്ടാം സ്ഥാനം നേടിയപ്പോൾ ശ്രീകൃഷ്ണപുരം വിടിബി കോളജിനാണ് മൂന്നാം സ്ഥാനം.

നേരത്തെ വടംവലി ഫെഡറേഷൻ ഓഫ് ഇന്ത്യ ജോയിന്റ് സെക്രട്ടറി ആർ. രാമനാഥൻ മത്സരങ്ങൾ ഉദ്ഘാടനം ചെയ്തു. നൈപുണ്യ കോളജ് പ്രിൻസിപ്പാളും എക്സിക്യൂട്ടീവ് ഡയറക്ടറുമായ റവ. ഡോ. കെ.ജെ. പോളച്ചൻ അധ്യക്ഷത വഹിച്ചു.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിമ്മി കുന്നത്തൂർ, കാമ്പസ് മിനിസ്റ്റർ ഫാ. ജോസ് കറാച്ചിറ, നൈപുണ്യ കോളജ് ഡയറക്ടർ ഓഫ് എക്സാമിനേഷൻ എമിലി ഇട്ടിയച്ചൻ, വൈസ് പ്രിൻസിപ്പൽമാരായ തെരേസ പാറക്കൽ, റോബർട്ട് ഫെർണാണ്ടസ്, ഡീൻ ഓഫ് സ്റ്റഡീസ് ഡോ. ജോയ് ജോസഫ് പുതുശേരി, കായികവിഭാഗം തലവൻ പി.എ. ശ്രീജിത്ത്, ഫിനാൻസ് മാനേജർ ജിമ്മി ജോസഫ്, സ്പോർട്സ് ക്ലബ് കോ-ഓർഡിനേറ്റർ നോബിൾ ദേവസി, കെ.എസ് സിമിത പരിശീലകരായ ഡിസിൽ ഡേവിസ്, അബ്ദുൾ മജീദ്, ജിബിൻ ജോസ്, ജിതിൻ മാത്യു, അലൻ മാത്യു ടോം എന്നിവർ പങ്കെടുത്തു.

INSTITUTE OF MANAGEMENT & INFORMATION TECHNOLOGY
LIBRARY
ACC No: